## ക്ഷമിക്കണം, നിങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുന്ന ഭാഷ നിലവിലില്ല!

രാഷ്ട്രീയക്കാരനോ, എഴുത്തുകാരനോ, മറ്റേതെങ്കിലും മേഖലയിൽ പ്രശസ്തനോ അല്ലാത്ത അയാൾ ആത്മകഥ എഴുതാൻ തുടങ്ങിയിട്ട് കുറച്ചു കാലങ്ങളായി. വിവാദങ്ങൾ ഒന്നും സൃഷ്ടിക്കാനിടയില്ലെങ്കിലും, ഈ എഴുത്തിനു തീർച്ചയായും ചരിത്രപരമായ ചില സവിഷേശതകൾ  അവകാശപ്പെടാനുണ്ട്. അയാൾക്കിതു ഫിനിഷ് ചെയ്യാൻ സാധിക്കുകയാണെങ്കിൽ, അതായിരിക്കും മലയാളത്തിലെ അവസാനത്തെ ആത്മകഥ. വളരെയധികം ഒറ്റപ്പെട്ടു പോയ ഒരാളുടെ ജീവിതകഥ പറയുന്ന മലയാളത്തിലെ അവസാനത്തെ പുസ്തകം!

ജനിച്ചിട്ട് ഒരുപാടു വർഷങ്ങളായെങ്കിലും, കാഴ്ച്ചയിൽ അയാളിപ്പോഴും ചെറുപ്പമാണ്. കൂടെ ആരുമില്ല. വീട്ടിലിരുന്നു ഒരു ഡേറ്റിംഗ് ആപ്പിന്റെ ആൽഗരിതം ഡെവലപ്പർ ആയി ജോലി ചെയ്യുന്നു. ഇടവേളകളിൽ മിക്കവാറും വീഡിയോ ഗെയിം കളിക്കും, അല്ലെങ്കിൽ ഉപകരണ സംഗീതം കേൾക്കും. പിന്നെ ഒറ്റയ്ക്കുള്ള സംസാരവും, എഴുത്തും.

അയാൾക്ക് മുന്നിലെ, വലിയ വെർച്വൽ സ്ക്രീനിന്റെ ഇടത്തേയറ്റത്തു, ടാസ്ക് ബാറിൽ, നേരത്തെ തിരഞ്ഞെടുത്തു വെച്ച കാൻഡിയുടെയും ഇഞ്ചിയുടെയും ചിത്രങ്ങൾ ഇരിപ്പുണ്ട്. രണ്ടുമൊരുമിച്ചു, വലതു കയ്യിലെ വിരലുകൾ കൊണ്ട്  ഡ്രാഗ് ചെയ്തു, നൊസ്റ്റാൾജിയ പോർട്ടലിലേയ്ക്കിട്ടു. വിരലുകൾ ഒരു മാന്ത്രികനെപ്പോലെ ചലിപ്പിച്ചു കൊണ്ടയാൾ ശൂന്യതയിൽ നിന്നും ഓർമ്മകൾ ആവാഹിച്ചെടുക്കാൻ ശ്രമിച്ചു.

സുതാര്യമായ കവറിൽ പൊതിഞ്ഞ കാൻഡിയുടെ പടം തന്നെ ഇത്തവണ ഉപയോഗിച്ചതും, ഡേറ്റബേസിൽ നിന്നും ആഴത്തിൽ തപ്പുന്ന, ചിലവേറിയ ഡീപ് സെർച്ച് തിരഞ്ഞെടുത്തതും, അയാളിൽ കൂടുതൽ പ്രതീക്ഷ നൽകിയിട്ടുണ്ട്. അയാൾ കാത്തിരുന്നു.

കാത്തിരിപ്പിന്റെ ബോറടി മാറ്റാനായി, ഇപ്പോൾ എഴുതിക്കൊണ്ടിരിക്കുന്ന ഭാഗങ്ങളിലൂടെ അയാൾ കണ്ണോടിച്ചു.

ഓർമ്മകൾ.

"വായു ഗുളിഗെ, വായു ഗുളിഗെ… ഇഞ്ചി മുട്ടായി ഇഞ്ചി മിട്ടായി.."

എന്റെ ഏറ്റവും പഴക്കം ചെന്ന ഓർമ്മ ഇതാണ്. ശബ്ദമായും, മണമായും, രുചിയായും, എല്ലാം മനസ്സിൽ തങ്ങി നിൽക്കുന്ന ആദ്യത്തെ സ്വതന്ത്രമായ ഓർമ. നീലേശ്വരം ബസ് സ്റ്റാൻഡിൽ, കംഫർട്ട് സ്റ്റേഷന്റെ സൈഡിൽ നിർത്തിയിട്ടിരിക്കുന്ന നളന്ദ ബസിന്റെ ചിത്രം. അമ്മയുടെ കൂടെ ചാളക്കടവിലേക്ക് വൈകുന്നേരം ബസ് കേറുന്ന ഞാൻ. ഓടിച്ചെന്നു പെട്ടി സീറ്റിന്റെ അറ്റത്തു, ഇടതു വശത്തെ ഡ്രൈവറായി മുന്നോട്ടു കാലിട്ടിരിക്കും. വണ്ടി സ്റ്റാർട്ട് ചെയ്യാൻ വരുന്ന ഡ്രൈവറെ കാത്തിരിക്കുമ്പോഴാണ്,

"വായു ഗുളിഗെ, വായു ഗുളിഗെ… ഇഞ്ചി മുട്ടായി ഇഞ്ചി മിട്ടായി…"   എന്ന ശബ്ദം ബസിലേക്ക് കേറി വരുന്നത്.  കയ്യിലൊരു നീല പ്ലാസ്റ്റിക് പാത്രം നിറയെ ഇഞ്ചി മുട്ടായിയും, വായു ഗുളിക കുപ്പികളുമായി, ലുങ്കി മടക്കിക്കുത്തി ഉടുത്ത ആ മനുഷ്യൻ കേറുന്നത്. ഒന്നു രണ്ടു തവണ അമ്മ ആ ചേട്ടന്റെ അടുത്ത് നിന്നും ഇഞ്ചിമുട്ടായി വാങ്ങി തന്നിട്ടുണ്ട്.

ബസ് വിടുന്നതിനു മുൻപേ ആ ചേട്ടന് ഇറങ്ങാൻ പറ്റുമോ? അടുത്ത സ്റ്റോപ്പിൽ ഇറങ്ങാൻ അയാൾക്കും എന്നെപ്പോലെ അര ടിക്കറ്റ് എടുക്കേണ്ടി വരുമോ? എന്നോക്കെയോർത്തു എന്റെ മനസ്സ് ബേജാറായിട്ടുണ്ട്.

ബസ് ഏതെങ്കിലും സ്റ്റോപ്പിൽ നിർത്തിയിട്ടേ, പൊതി തുറന്നു ഇഞ്ചി മുട്ടായി വായിലിടാൻ സമയം കിട്ടൂ. ഡ്രൈവറോടൊപ്പം ക്ലെച്ചിൽ നിന്ന് കാലെടുത്തു ഞാൻ മനസ്സിലെ ആക്സിലേറ്ററിൽ കാലമർത്തും. കാക്കിയിട്ട ഡ്രൈവർ പാൻ പരാഗിന്റെ ലഹരിയിൽ അടുത്ത ഗിയറിടുമ്പോൾ, ഞാൻ ഇപ്പുറത്തിരുന്നു ഇഞ്ചി മുട്ടായിയുടെ എരിവ് നുണയും.

ആ ഇഞ്ചി മിട്ടായിയുടെ രുചി...

പല ഓർമ്മകളുടെയും കണ്ണികൾ കോർത്തിരിക്കുന്നതു ഇവിടെയാണ്. പക്ഷെ അതിനപ്പുറത്തേക്ക് അയാൾക്കൊന്നും ഓർത്തെടുക്കാൻ കഴിയുന്നില്ല. 'ഡേറ്റ ബേസിൽ നിന്നും വിവരങ്ങൾ ശേഖരിച്ച്, കുറച്ചു 'ഇഞ്ചിമിട്ടായികൾ' ത്രീഡി പ്രിന്റ് ചെയ്തെടുക്കണം. അത് കഴിച്ച്, പഴയ ഓർമ്മകൾ പുനഃസൃഷ്ടിക്കണം.' കഴിഞ്ഞ കുറെ ദിവസങ്ങളായി അത് മാത്രമാണ് അയാളുടെ ചിന്ത.

അയാളെ വളരെയധികം നിരാശപ്പെടുത്തിക്കൊണ്ട്, കൈപ്പത്തികൾ മലർത്തിയ ഒരു കഷണ്ടിത്തലയൻ, സോറി ഫേസ് ഇമോജി സ്ക്രീനിൽ തെളിഞ്ഞു വന്നു.

സ്വന്തം കഥ എഴുതി പൂർത്തിയാക്കാൻ കഴിയുമെന്ന് അയാൾക്കിപ്പോ തോന്നുന്നില്ല. അഥവാ എഴുതി പൂർത്തിയായാൽ തന്നെ ഒരു വായനക്കാരനെയെങ്കിലും കിട്ടുമെന്ന പ്രതീക്ഷ ഒട്ടുമില്ല. കാരണം അയാളുടെ അറിവിൽ വേറെ മലയാളികളാരും ബാക്കിയായിട്ടില്ല, അതിനുശേഷം അങ്ങനെ ആരെയും കണ്ടുമുട്ടിയിട്ടുമില്ല. ഇപ്പോൾ വല്ലപ്പോഴും മാത്രം പുറത്തിറങ്ങും.

"പുറത്തിറങ്ങി ആരെ കാണാനാണ്? എന്ത് സംസാരിക്കാനാണ്?" ഇത്തരം ചോദ്യങ്ങൾ അയാളെ അലട്ടിക്കൊണ്ടിരുന്നു.

തീർത്തും ഒറ്റയ്ക്കാണെന്ന യാഥാർഥ്യത്തെ ഉൾകൊള്ളാൻ കഴിയാതെ വരുമ്പോഴൊക്കെ, അയാൾ തന്റെ കഥയുടെ ഒന്നാം ഭാഗം വായിക്കും.

നിശബ്ദത.

പതിയെ പതിയെ എല്ലാവർക്കും ശബ്ദം നഷ്ടപ്പെട്ടു തുടങ്ങി. കാഴ്ചയ്ക്കു പ്രശ്നങ്ങൾ ഒന്നും ഇല്ലെങ്കിലും പലർക്കും അക്ഷരങ്ങൾ കൂട്ടി വായിക്കാൻ പറ്റാതെയായി. അസുഖം വന്നു മരിച്ചവരെക്കാൾ കൂടുതലായിരുന്നു ആത്മഹത്യ ചെയ്തവരുടെ എണ്ണം. അവരിൽ ഭൂരിഭാഗവും എഴുത്തുകാരും, പാട്ടുകാരും, വിദ്യാർത്ഥികളുമൊക്കെ ആയിരുന്നു. വൈറസിന്റെ വ്യാപന രീതികളെക്കുറിച്ചു തുടക്കത്തിലുണ്ടായിരുന്ന തെറ്റിദ്ധാരണകളും, അഭ്യൂഹങ്ങളുമൊക്കെ അസുഖം പെട്ടെന്ന് പടർന്നു പിടിക്കാൻ കാരണമായി.

സർക്കാർ നിയന്ത്രണങ്ങളെക്കാൾ, ജനങ്ങളുടെ പേടി അവരെ വീട്ടിൽ ഇരുത്തി. സുഗമമായ ആശയ വിനിമയം നടക്കാതെ വന്നപ്പോൾ ചില ടെക് കമ്പനികൾ അവരുടെ സ്മാർട്ട് വാച്ചുമായി ബന്ധിപ്പിച്ചു, വിവിധ ഭാവങ്ങൾ നിർമിക്കാൻ കഴിയുന്ന മാസ്കുമായി രക്ഷക്കെത്തി.

ഇനിയും ഭാഷാശേഷി നഷ്ടപ്പെടാത്തവരോട് കോഡിങ് പഠിക്കാൻ ഗവണ്മെന്റ് ആവശ്യപ്പെട്ടു. ചിത്രങ്ങളിലൂടെ, സിംബലുകളിലൂടെ സംവദിക്കുന്ന, ആഗോള ഭാഷ സൃഷ്ടിക്കുന്ന മഹാപദ്ധതിയിൽ കോളേജ് വിദ്യാർത്ഥിയായ ഞാനും പങ്കെടുക്കാൻ തീരുമാനിച്ചു. അസുഖം പടർന്നു പിടിക്കുന്നതിനു  രണ്ടു വർഷം മുമ്പത്തെ വിദ്യാഭ്യാസനയത്തിൽ തന്നെ, സ്കൂൾ സിലബസുകളിൽ കോഡിങ് നിർബന്ധമാക്കിയ ഗവൺമെന്റിന്റെ ദീർഘവീക്ഷണം എന്നെ ശരിക്കും ഞെട്ടിച്ചു.

ഭൂമിക്കു പുറത്തു നിന്നും വന്ന ഗഗനചാരികളാണ് വൈറസിനെ കൊണ്ടുവന്നതെന്നു തുടക്കത്തിൽ ഒരുപാടുപേർ വിശ്വസിച്ചു. ഗോളാന്തര യാത്രകൾ, ഒരു മനുഷ്യന്റെ സ്വാഭാവികമായ കഴിവുകൾ നഷ്ടപ്പെടുത്തുമെന്നുള്ള വിശ്വാസം ചില മതങ്ങളെ ചുറ്റിപറ്റി അന്നേ നിലനിന്നിരുന്നു. ബഹിരാകാശം താണ്ടി വന്നവർ ആദ്യകാലങ്ങളിൽ മാറ്റി നിർത്തപ്പെട്ടു.

സംസാരിക്കുന്നവരും, വായിക്കുന്നവരും പല പരീക്ഷണങ്ങൾക്കും വിധേയരാക്കപ്പെട്ടു. അവരെ മറ്റുള്ളവർ അസൂയയോടെ നോക്കി. ചിലരൊക്കെ ആക്രമിക്കപ്പെട്ടു. പിന്നീട്, മനുഷ്യ പരിണാമത്തിൽ ഇങ്ങനെ ഒരു മാറ്റം ഭാവിയിൽ സംഭവിക്കാൻ സാധ്യതയുള്ളതാണെന്നും, ഒരു പ്രത്യേക വൈറസ് ഈ മാറ്റങ്ങൾക്ക് ആക്കം കൂട്ടിയതാണെന്നുമൊക്കെ സർക്കാരുകളുടെ സ്ഥിരീകരണം വന്നു. ചില ഗണിതശാസ്ത്ര മോഡലുകൾ അത് ശരിവെച്ചു.  അവിടുന്നങ്ങോട്ട് കഥയാകെ മാറി. ഭാഷാശേഷി ഉണ്ടാവുന്നത് ശാപമോ, ഗുണമില്ലാത്ത ജീനുകളുടെ പ്രവർത്തനമായോ ഒക്കെ കണക്കാക്കപ്പെട്ടു തുടങ്ങി.

അന്നുണ്ടായ മിക്കവാറും ആളുകൾ മരിച്ചു പോയി. ബാക്കിയായവരിൽ ഒരാളാണ് ഞാൻ. സംസാരിക്കാൻ കഴിയുന്ന, ഭാഷ മനസ്സിലാക്കുന്ന ഒരാൾ.

അതിനപ്പുറത്തേക്ക് വായിക്കാൻ അയാൾക്ക് കഴിഞ്ഞില്ല. എല്ലാം കൊണ്ടും മടുത്തിരിക്കുന്നു. കുറച്ചു ദിവസങ്ങളായി പുറത്തിറങ്ങുന്നതിനെക്കുറിച്ചു ആലോചിക്കുന്നുണ്ട്. ഒരു ഡേറ്റ് കണ്ടെത്തണം എന്ന മോഹവും മനസ്സിലുണ്ട്.

സ്ക്രീനിലെ മറ്റു വിൻഡോകളെല്ലാം മിനിമൈസ് ചെയ്ത്,  ഡേറ്റിംഗ് ആപ്പ് തുറന്നു. പ്രൊഫൈൽ ഒന്നും ശ്രദ്ധിക്കാതെ, ചൂണ്ടുവിരൽകൊണ്ട് വലത്തോട്ട് ശരി* വരച്ചു കൊണ്ടിരുന്നു. ഈ ആപ്പിന്റെ അൽഗരിതം ഏറ്റവും നല്ല ഇണകളെ കണ്ടെത്താൻ സഹായിക്കുന്ന രീതിയിൽ അയാൾ തന്നെ നിർമ്മിച്ചിട്ടുള്ളതാണ്. കൂടിക്കാഴ്ചയ്ക്കു ഏതു വെർച്വൽ സ്പേസ് തിരഞ്ഞെടുക്കാനും കഴിയും. പാൻഡെമികിനു ശേഷം പൊതുവെ എല്ലാവർക്കും പ്രിയം വെർച്വൽ   സെക്സിനോടാണ്. അതിൽ താല്പര്യം കാണിക്കാത്തത് ഇണകളെ കണ്ടെത്തുന്നതിൽ അയാളെ ഭാഗ്യം കെട്ടവനാക്കി.

പുതിയ ബന്ധങ്ങൾ വളർത്തിയെടുക്കാനോ, പഴയതു നിലനിർത്താനോ പണ്ടും അയാൾക്ക് കഴിഞ്ഞിട്ടില്ല. എന്ത് പറയണം, എന്ത് പറയരുത് എന്നതിൽ കൃത്യതയില്ലാതെ പലരെയും ചൊടിപ്പിച്ച ചരിത്രവുമുണ്ട്. മുത്തശ്ശിയുടെ കാര്യത്തിൽ സംഭവിച്ചത് അതാണ്.

കടലാസ്സുകെട്ടിൽ നിന്നും മുത്തശ്ശിയെക്കുറിച്ചെഴുതിയ ഭാഗം അയാൾ തപ്പിയെടുത്തു.

ഏട്ടന്റെയും എന്റെയും നടുവിൽ കിടന്നു, മുത്തശ്ശി കുറെ കഥകൾ പറഞ്ഞു തന്നിട്ടുണ്ട്. ചില്ലോടിലൂടെ ആകാശം നോക്കി നമ്മൾ മൂന്ന് പേരും പുൽപ്പായയിൽ അങ്ങനെ

കിടക്കും. ഞാനറിയാതെ, പതിയെ, മുത്തശ്ശി ഏട്ടന്റെ ഭാഗത്തേക്ക് ചരിഞ്ഞു തുടങ്ങും. അവഗണിക്കപ്പെട്ടെന്നു തോന്നിത്തുടങ്ങുമ്പോൾ എന്നെ നോക്കി കഥ പറയാൻ ഞാൻ വാശി പിടിക്കും. ഇത്തിരിനേരം എന്നെ നോക്കി പറയുമെങ്കിലും മുത്തശ്ശി വീണ്ടു പഴയ പോലെ കിടന്ന്, ഏട്ടനോടുള്ള സ്നേഹക്കൂടുതൽ എന്നെ അറിയിക്കും. 'പഷ്കാബേദകാരി'എന്ന് പറ്റുന്ന പോലെ അക്ഷരങ്ങൾ കൂട്ടി വിളിച്ച്, കണ്ണടച്ച്, ചെവി പൊത്തി ഞാൻ വിഷമിച്ചു കിടക്കും.

മുത്തശ്ശി മരിക്കും വരെ നമ്മൾ തമ്മിൽ ഇങ്ങനെ പലതും പറഞ്ഞു വഴക്കു കൂടിട്ടുണ്ട്. അന്ന് ഞാൻ മിണ്ടാതിരുന്നിരുന്നെങ്കിൽ, തുടക്കവും ഒടുക്കവുമുള്ള കുറച്ചു പഴയ കഥകൾ എന്റെ കയ്യിലിരുന്നേനെ! സ്വന്തമായി കഥകൾ വായിച്ചു തുടങ്ങിയതു സ്കൂളിൽ ചേരുന്നതിനു ശേഷമാണ്. പിന്നീടെപ്പോഴോ, ഭാവിയിലേക്ക്, മക്കളോടും പേരക്കുട്ടികളോടും പക്ഷപാതം കാണിക്കാതെ പറയാനായി കഥകൾ ശേഖരിച്ചു തുടങ്ങി.

ഡേറ്റിംഗ് ആപ്പിന്റെ നോട്ടിഫിക്കേഷൻ ശബ്ദം അയാളെ സ്ക്രീനിലേക്ക് തിരിച്ചു കൊണ്ട് വന്നു. കടലാസുകൾ മടക്കി വെച്ച്, അയാൾ അതിലോട്ടു നോക്കി. ഒരു സുന്ദരിയുടെ ഫോട്ടോയ്ക്ക് നടുവിൽ ഹാർട്ട് സിംബൽ ഉയർന്നു വന്നു. ആ പ്രൊഫൈൽ അപ്പോഴാണ് അയാൾ ശ്രദ്ധിക്കുന്നത്. അതിലെ മൂന്നാമത്തെ ഫോട്ടോ അയാളെ ശരിക്കും ഞെട്ടിച്ചു. കേരള കസവു സാരി പോലെ ഒരു ഡ്രെസ്സിൽ അവൾ. മറ്റൊന്നും ആലോചിക്കാതെ നേരിട്ട് കാണാനുള്ള ഓപ്ഷനിൽ അയാൾ ടച്ച് ചെയ്തു. അവളും അതിനു സമ്മതിക്കുമെന്നു അയാൾ പ്രതീക്ഷിച്ചേ ഇല്ല!

ആദ്യത്തെ കൂടിക്കാഴ്ച്ചയ്ക്കു ആ പഴയ മ്യൂസിയം തിരഞ്ഞെടുത്തത് അവളാണ്. സ്പോട്ടിലേക്കുള്ള ടാക്സി ഓട്ടോമാറ്റിക് ആയി വീട്ടിലേക്കു വരുന്ന രീതിയിലാണ് അയാൾ ആ ആപ്പ് ഡിസൈൻ ചെയ്തിട്ടുള്ളത്. ഫ്ളാറ്റിന് പുറത്തിറങ്ങിയപ്പോഴേക്കും ഡ്രൈവറില്ലാത്ത ടാക്സി എത്തിയിരുന്നു.

മ്യൂസിയത്തിന്റെ ഗേറ്റിനു മുന്നിൽ അയാൾ ഇത്തിരിനേരം കാത്തു നിന്നു. അപ്പോഴേക്കും അവളും വന്നിറങ്ങി. ഫോട്ടോയിൽ കണ്ട ആ സാരി ഉടുത്തു വരണമെന്ന് അയാൾ ആഗ്രഹിച്ചിരുന്നു. ത്രീഡി പ്രിന്റു ചെയ്ത ഒരു മിനിമൽ ബ്ലാക്ക് ജാക്കറ്റ് ആണ് അവൾ ഇട്ടിരുന്നത്. സൈബർ പങ്ക് ഫാഷനിലുള്ള ഒരെണ്ണം. ഫോട്ടോയിൽ കണ്ടതിനേക്കാൾ സുന്ദരിയാണ്. അയാളെ കണ്ടു ചിരിച്ചു. കുറെ കാലത്തിനു ശേഷം അയാൾ കണ്ടെത്തുന്ന ഡേറ്റ് ആണ്. രണ്ടു പേരും ഗേറ്റു കടന്നു മ്യൂസിയത്തിനുള്ളിലേക്കു നടന്നു.

പാൻഡെമികിനു മുൻപുള്ള ലോകത്തെ വസ്തുക്കൾ സൂക്ഷിച്ച ഒരു മ്യൂസിയം ആണത്. അധികമാരും വരാറില്ല. പഴയ പത്രങ്ങൾ, ലോകപ്രശസ്ത പുസ്തകങ്ങളുടെ കോപ്പികൾ, കറൻസികൾ, നാണയങ്ങൾ, പഴയ മൊബൈൽ ഫോണുകൾ, ചില ഗൂഗിൾ ഡൂഡിൽസ്, പിന്നെ പല്ലി, ഓന്ത് തുടങ്ങി വംശനാശം സംഭവിച്ച ചെറു ജീവികൾ എന്നിവയാണ് പ്രധാന എക്സിബിറ്റുകൾ. മ്യൂസിയം രണ്ടുപേരിലും പ്രത്യേക കൗതുകമൊന്നും ഉണർത്തിയില്ല. ഒന്നാമത്തെ വരിയിലെ അവസാനത്തെ എക്സിബിറ്റിൽ അയാളുടെ കണ്ണുകൾ ഉടക്കി. ഏതോ ഒരു മലയാള പത്രത്തിന്റെ ഉൾപേജുകളിലൊരെണ്ണം. അയാളെ തീർത്തും ഞെട്ടിച്ചു കൊണ്ട് അവളുടെ ചുണ്ടുകൾ അത് വായിച്ചു തുടങ്ങി.

"റെഡ്സ്റ്റാർ കിഴക്കുംകര സൂപ്പർ സെവെൻസിൽ - ജോളി തായന്നൂർ വിജയികൾ"

എങ്ങനെ പ്രതികരിക്കണമെന്ന് അറിയാതെ അയാൾ കുഴങ്ങി. സന്തോഷം, അമ്പരപ്പ്, ആകാംക്ഷ തുടങ്ങി പലതരം വികാരങ്ങളിലൂടെ അയാൾ കടന്നു പോയി. അവളെ

അവിടെ വെച്ച് ചുംബിക്കണോ, അല്ല ആ വാർത്തയുടെ ബാക്കി ഭാഗം ഉറക്കെ വായിച്ചു അവളെയും അത്ഭുതപ്പെടുത്തണോ? മറ്റാരും കേൾക്കാനില്ലെന്നു ഉറപ്പു വരുത്തി, അവളുടെ ചെവിയിൽ അതെ വാർത്തയുടെ ചില വരികൾ അയാൾ പതുക്കെ മന്ത്രിച്ചു. അവളുടെ അനുവാദത്തിനു കാത്തിരിക്കാതെ, എന്തെങ്കിലും പറയും മുമ്പേ, അവളുടെ കൈ പിടിച്ചു വലതു വശത്തെ ഡോറിലൂടെ പുറത്തേക്കിറങ്ങി.

പുറത്ത്, ക്യാമറയൊന്നുമില്ലാത്ത ഒരിടത്തെ ബെഞ്ചിൽ അവളോട് ഇരിക്കാനായി കൈ കാണിച്ചു. അയാളും ഇരുന്നു.

"അതെങ്ങനെ, ഇത്രയും കാലം..?"

അവൾ ചെറുതായൊന്നു ചിരിച്ചു. ജാക്കറ്റിന്റെ പോക്കറ്റിൽ നിന്നും, പഴയ ഒരു ഇൻലൻഡ് പുറത്തെടുത്ത് അയാൾക്ക് നേരെ നീട്ടി.

"ആദ്യ കേസുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ ഞാനൊരു യാത്രയിലായിരുന്നു. ഇഷ്ടക്കാർക്കുള്ള കത്തുകൾ ചെറുപ്പം തൊട്ടൊരു ശീലവും. പക്ഷെ അന്നിതു കാമുകന് അയക്കാൻ കഴിഞ്ഞില്ല. പഴയ കത്തുകളൊക്കെ ഇടയ്ക്കെടുത്തു വായിക്കും. ഇല്ല, ഞാനല്ലാതെ ഇത് മറ്റാരും വായിച്ചിട്ടില്ല."

അയാളത് വാങ്ങി പോക്കറ്റിൽ ഇട്ടു. കാമുകിയിൽ നിന്നും ആദ്യത്തെ പ്രണയലേഖനം സ്വീകരിക്കുന്ന കാമുകന്റെ മുഖത്തെ നാണവും, ചമ്മലും, പേടിയുമെല്ലാം അയാളുടെ മുഖത്ത് പ്രകടമായിരുന്നു. അവളുടെ കണ്ണുകളിൽ ചെറിയ ചിരി വിടർന്നു.

"എനിക്കും കുറച്ചു കഥകൾ പറയാനുണ്ട്, കാണിക്കാനുമുണ്ട്. പക്ഷെ ഇവിടെ വച്ച് വേണ്ട. എന്റെ വീട്ടിലോട്ടു പോവാം. ഇവിടെ നിന്ന് സംസാരിക്കുന്നതു അത്ര സേഫ് അല്ല."

അയാൾക്കിപ്പോഴും പേടിയുണ്ട്. സംസാരശേഷി ഉണ്ടെന്നറിഞ്ഞാൽ ടാർഗറ്റ് ചെയ്യപ്പെട്ടേക്കാം!

"മറ്റു ഭാഷകൾ ഒന്നും നിലനിൽക്കുന്നില്ല എന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ?"

"ഭാഷകൾ പൂർണമായിട്ടും നഷ്ടപെട്ടിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഗവണ്മെന്റിന്റെ ആർകൈവ്സിൽ എല്ലാം കാണാം. പക്ഷെ ആർക്കും അതിന്റെ ആവശ്യം ഇന്നില്ല." അയാൾ മറുപടി പറഞ്ഞു.

"ഒരർത്ഥത്തിൽ ഈ സംവിധാനം ആണ് കുറച്ചുകൂടി നല്ലത്. അതിർത്തികൾ ഇല്ല. ആവശ്യമില്ലാത്ത ചിന്തകൾ നമ്മുടെ ഉല്പാദന ക്ഷമത കുറയ്ക്കുന്നില്ല. ഗ്ലോബൽ അലയൻസിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് മേഖല സർക്കാരുകൾ കുറ്റമറ്റ രീതിയിൽ പ്രവർത്തിച്ചു പോരുന്നു. ഗവണ്മെന്റിന്റെ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി, ആഗോള കമ്പനികൾ അകമഴിഞ്ഞ് സ്പോൺസർ ചെയ്യുന്നു."

അയാൾ തിരിച്ചൊന്നും പറഞ്ഞില്ല, "നമുക്ക് ഇവിടെ നിന്ന് മാറാം"

"ശരി." അവൾ എഴുന്നേറ്റു.

ഒന്നും സംസാരിക്കാതെ അവർ റോഡിലേക്ക് നടന്നു. ഡേറ്റിംഗ് ആപ്പിൽ റിലേഷൻഷിപ് മുന്നോട്ടു കൊണ്ട് പോകാനുള്ള ഫോർവേഡ് സിംബൽ സ്വയ്പ്പ് ചെയ്തു, ടാക്സി ഓപ്ഷനിൽ അയാളുടെ ഫ്ലാറ്റിന്റെ ലൊക്കേഷനും. ടാക്സിക്കായി അവർ റോഡ് മുറിച്ചു

കടക്കുമ്പോൾ ജംഗ്ഷനിലെ വലിയ സ്ക്രീനിൽ സർക്കാർ തിരയുന്ന നോട്ടപ്പുള്ളികളുടെ ചിത്രങ്ങൾ മാറിക്കൊണ്ടിരുന്നു.

റോഡ് മുറിച്ചു കടക്കുമ്പോഴും, കാറിനകത്തും അവരൊന്നും സംസാരിച്ചില്ല.

തന്റെ കഥ കേൾക്കാൻ ഒരു വായനക്കാരിയെ കിട്ടിയിരിക്കുന്നു, എത്രയും പെട്ടെന്നു എഴുതി തീർത്ത് പ്രകാശനം ചെയ്യണം. ചിലപ്പോൾ പുതിയ അധ്യായങ്ങൾ കൂട്ടിച്ചേർക്കേണ്ടി വന്നേക്കാം. അയാൾ മനസ്സിലോർത്തു.

ഡ്രൈവർലെസ്സ് ടാക്സി അയാളുടെ ഫ്ലാറ്റിനു മുന്നിൽ നിർത്തി. അവർ രണ്ടു പേരും പുറത്തിറങ്ങി.

എലിവേറ്ററിന്റെ കണ്ണാടിയിൽ അവർ അവരെ തന്നെ നോക്കി നിന്നു. ബാഗിൽ നിന്ന് ലിപ്സ്റ്റിക്കെടുത്ത് വളരെ സെഡക്ടീവ് ആയി അവളതു ചുണ്ടിൽ പുരട്ടി. ഇത്തവണ അവളെ അവിടെവെച്ച് ചുംബിക്കണമെന്നയാൾ തീരുമാനിച്ചു. അവരുടെ ചുണ്ടുകൾ അടുത്തു. അയാൾ കണ്ണുകളടച്ചു. ഇത്തിരിനേരം കഴിഞ്ഞു കണ്ണ് തുറന്നപ്പോൾ അയാൾക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. തുറന്നിരിക്കുന്ന അവളുടെ ബാഗിൽ നിറയെ ഇഞ്ചി മുട്ടായികൾ!

അവരുടെ ചുണ്ടുകൾ അകന്നിട്ടും, അയാൾക്കു ശ്വാസം എടുക്കാൻ പറ്റിയില്ല.
അയാളുടെ നെഞ്ച് വേഗത്തിൽ ഇടിക്കാൻ ആരംഭിച്ചു.
എത്ര ശ്രമിച്ചിട്ടും ശബ്ദം പുറത്തു വരുന്നില്ല.
അവളുടെ കണ്ണുകളിൽ അപ്പോഴും നേരത്തെ കണ്ട ചിരി അങ്ങനെ മായാതെ കിടന്നു.

---

* ഒരു പ്രശസ്ത കമ്പനിയുടെ ലോഗോ.